# ഇന്ത്യയിലെ പർവതങ്ങൾ





പാഠശേഖരം
പുസ്തകങ്ങൾക്കപ്പുറം

ഹൈസ്കൂൾ ക്ലാസിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ഇന്ത്യയിലെ പർവതങ്ങളെക്കുറിച്ച് മനസിലാക്കാം

തയ്യാറാക്കിയത് : സജിനി. ജി

## ഉത്തരപർവത മേഖല



വടക്കേ അറ്റത്തായി സ്ഥിതിചെയ്യുന്നു. 3 ഉപവിഭാഗങ്ങളാണുള്ളത്.

1. ട്രാൻസ് ഹിമാലയം (പടിഞ്ഞാറൻ ഹിമാലയം)
2. ഹിമാലയം (മദ്ധ്യഹിമാലയം)
3. പൂർവാചൽ (കിഴക്കൻ മലനിരകൾ)

### ട്രാൻസ്ഹിമാലയം

കാരക്കോറം, ലഡാക്ക്, സസ്ക്കർ എന്നീ പർവത നിരകൾ ഉൾപ്പെട്ട ഈ ഭാഗം ജമ്മുകാശ്മീരിന്റെ വടക്ക് കിഴക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്ന പർവതനിരകളാണ്. നിരവധി ചുരങ്ങളും ഗിരിതടങ്ങളും കാണപ്പെടുന്നു. ഈ മേഖലയിലാണ് ഇന്ത്യയിലെ ഉയരംകൂടിയ കൊടുമുടിയായ ഗോഡ്വിൻ ആസ്റ്റിൻ.

### ഹിമാലയം

ഇന്ത്യയുടെ കാലാവസ്ഥ നിർണയിക്കുന്നതിൽ പ്രധാനപങ്ക് വഹിക്കുന്നു. ലോകത്തിലെ തന്നെ ഏറ്റവും വലിയ പർവതമായ ഹിമാലയത്തിന് മൂന്ന് സമാന്തര പർവത നിരകളുണ്ട്.

**a. ഹിമാദ്രി**

എപ്പോഴും മഞ്ഞിനാൽ മൂടപ്പെട്ട് കിടക്കുന്ന ഹിമാദ്രിയുടെ ഉയരം ശരാശരി 600 മീറ്ററാണ്. എവറസ്റ്റ്, കാഞ്ചൻജംഗ, നംഗപർവത് എന്നിവ കാണപ്പെടുന്ന ഹിമാദ്രിയാണ് ഏറ്റവും ഉയരം കൂടിയ നിര.

**b. ഹിമാചൽ**

ഏകദേശം 3000 മീറ്റർ ഉയരമുള്ള ഈ മേഖല ഹിമാദ്രിക്കും ശിവാലിക്കിനുമിടയിൽ സ്ഥിതിചെയ്യുന്നു. സുഖവാസ കേന്ദ്രങ്ങൾ, താഴ്വരകൾ എന്നിവ കാണപ്പെടുന്ന മേഖല.

കുളു, കാശ്മീർ, കാൻഗ്ര എന്നിവ മനോഹരങ്ങളായ താഴ്വരകളാണ്.

ഷിംല, മസൂറി, ഡാർജിലിംഗ്, നൈനിത്താൾ, അൽമോറ മുതലായ സുഖവാസകേന്ദ്രങ്ങളും ഇവിടെ സ്ഥിതി ചെയ്യുന്നു.

### ശിവാലിക്

ഹിമാലയ പർവതനിരകളിൽ തെക്കായി സ്ഥിതിചെയ്യുന്ന ഇതിന്റെ ഉയരം ശരാശരി 1220 മീറ്ററാണ്. ഡൂൺ എന്ന താഴ്വരകളിൽ കാണപ്പെടുന്ന ഈ നിര ഗംഗാ സമതലത്തിന് വടക്ക് ഭാഗത്തായാണ് കാണപ്പെടുന്നത്. മൃദുവായ പാറകൾ, ചെളി എന്നിവ കാണപ്പെടുന്നു.

### കിഴക്കൻ മലനിരകൾ

പൂർവാചൽ എന്നറിയപ്പെടുന്നു. ഇത് വടക്ക് കിഴക്കേന്ത്യയുടെ ഭാഗമാണ്. നാഗാലാൻഡിലെ നാഗ, പാട്കൈബം, മേഘാലയയിലെ ജയന്തിയ, ഖാസി, ഘാരോ കുന്നുകൾ എന്നിവ ഇവിടെ സ്ഥിതി ചെയ്യുന്നു.

### ആരവല്ലി പർവതനിര

രാജസ്ഥാൻ, ഹരിയാന, ഗുജറാത്ത് സംസ്ഥാനങ്ങളിലായി വ്യാപിച്ചിരിക്കുന്നു. ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന പർവതനിരയാണ് ആരവല്ലി പർവതനിര. ഇതിലെ ഉയരം കൂടിയ കൊടുമുടിയാണ് ഗുരുശിഖർ.

രാജസ്ഥാനിലെ പ്രശസ്ത സുഖവാസ കേന്ദ്രമായ മൗണ്ട് ആബു ആരവല്ലിയിലാണ്.

### വിന്ധ്യാസാത്പുര

ഇന്ത്യയെ വടക്കേഇന്ത്യ തെക്കേ ഇന്ത്യ എന്നിങ്ങനെ രണ്ടായി തിരിക്കുന്നു.

ദ്രുപഗഡ് ആണ് ഇതിലെ ഉയരംകൂടിയ കൊടുമുടി. മധ്യപ്രദേശിലെ പച്ചൗരി വിനോദ സഞ്ചാരകേന്ദ്രം സാത്പുരയുടെ രാജ്ഞി എന്നറിയപ്പെടുന്നു.


ശിവാലിക് നിരകൾ

### പൂർവഘട്ടം

ഡക്കാൺ പീഠഭൂമിയുടെ കിഴക്കേ അതിരാണ് പൂർവഘട്ടം. ഇത് ഒഡിഷ മുതൽ നീലഗിരി (തമിഴ്നാട്) വരെ വ്യാപിച്ചിരിക്കുന്നു. ബംഗാൾ ഉൾക്കടലിന് സമാന്തരമായ പൂർവഘട്ടത്തിലാണ് മഹേന്ദ്രഗിരി കൊടുമുടി (ഒഡിഷ) തിരുമല ഹിൽസ് യേർക്കാട് വിനോദ സഞ്ചാരകേന്ദ്രം എന്നിവ ഇവിടെയാണ്.

### പശ്ചിമഘട്ടം

അറബിക്കടലിന് സമാന്തരമായി ഇന്ത്യയുടെ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതിചെയ്യുന്നു. ഉപദ്വീപായ ഇന്ത്യയിലെ ഏറ്റവും വലിയ കൊടുമുടിയായ ആനമുടി പശ്ചിമഘട്ടത്തിലാണ്. താപ്തി മുതൽ കന്യാകുമാരി വരെ നീണ്ടുകിടക്കുന്ന പശ്ചിമഘട്ടം ജൈവ വൈവിദ്ധ്യത്താൽ സമ്പുഷ്ടമാണ്.

### നീലഗിരി

തമിഴ്നാട്ടിലെ നീലഗിരിയുടെ പ്രത്യേകത ഇവിടെ പശ്ചിമഘട്ടവും പൂർവഘട്ടവും ഒന്നിക്കുന്നു എന്നതാണ്. പശ്ചിമഘട്ടത്തിലെ രാജ്ഞി എന്ന് നീലഗിരിയെ അറിയപ്പെടുന്നു.


നീലഗിരി

## അലങ്കാര ഇലച്ചെടികൾ

പൂക്കൾ മാത്രമല്ല ഇലകളും അലങ്കാരത്തിന് ഉപയോഗിക്കാറുണ്ട്. പച്ചയുൾപ്പെടെയുള്ള നിറങ്ങളിലുള്ള അലങ്കാരച്ചെടികളെ കൂട്ടുകാർ കണ്ടിരിക്കുമല്ലോ. ഏതാനും അലങ്കാര ഇലച്ചെടികളെക്കുറിച്ച് നമുക്ക് മനസിലാക്കാം



### എക്കിനോകാക്റ്റസ്

മെക്സിക്കൻ സ്വദേശിയായ ഈ കള്ളിച്ചെടി ഗോൾഡൻ ബാരൽ അഥവാ സ്വർണ വീപ്പ എന്ന പേരിൽ അറിയപ്പെടുന്നു. ഇങ്ങനെ അറിയപ്പെടാൻ കാരണം പൂർണ വളർച്ചയെത്തിക്കഴിയുമ്പോൾ മഞ്ഞമുളകൾ ഇതിന്റെ ഭാഗങ്ങളിൽ വളർന്നിരിക്കുന്നതായി കാണാം.

### കലേന്തിയ

സീബ്രയുടെ ശരീരവുമായി രൂപസാദൃശ്യം ഇതിനുണ്ടെന്ന് പറയാം. കാരണം ഇതിന്റെ ഇലകളിൽ സീബ്രയ്ക്കുള്ളതുപോലെ വരകൾ കാണാം. സീബ്രാച്ചെടി എന്നും ഇതിനെ വിളിക്കുന്നു. ഇത് പ്രധാനമായും രണ്ടിനമുണ്ട്. ഏകദേശം അണ്ഡാകൃതിയാണ് ഇലകൾ. ഇളം പച്ചനിറമുള്ള ഇലയിൽ കടുത്ത പച്ചനിറമുള്ള ഞരമ്പുകളും സിരകളും കാണാം. പിങ്ക് നിറം, വെള്ളിനിറം എന്നിങ്ങനെയുള്ള നിറഭേദങ്ങളും കാണാം. ബ്രസീലാണ് സ്വദേശം.

### പന്നലിലെ സുന്ദരികൾ

ഏറ്റവും നല്ല ഒരു അലങ്കാരസസ്യമാണ് പന്നൽച്ചെടികൾ. ഇതിന്റെ അലങ്കാര പ്രാധാന്യം മനസിലാക്കിയാണ് ഫേണറി (ഫേൺ പുരി) കളിൽ ഇവയെ വളർത്തുന്നത്. ഏതാനും ചിലതിനെ നമുക്ക് പരിചയപ്പെടാം.



### അഡിയാന്റം

ഏറ്റവും അലങ്കാരസ്വഭാവമുള്ള പന്നൽച്ചെടി. മെയ്ഡൻ ഹെയർ ഫേൺ എന്ന ഓമനപ്പേരുള്ള അഡിയാന്റം ക്യാപിലസ് വെനിരീസ് അത്യാകർഷകമായ ഇനമാണ്.

കനം കുറഞ്ഞ ഇലകൾ ഇതിനുമുണ്ട്.

ഇളം പ്രായത്തിൽ ചുവന്ന ഇലകളാണ്. അഡിയാന്റം ഹിസ്പിഡിലത്തിന്റെ പ്രത്യേകത.

### ബിഗോണിയ

ഈ ചെടിയെ കൂട്ടുകാർ സാധാരണയായി കാണാൻ സാദ്ധ്യതയുണ്ട്. പ്രധാനമായും മൂന്ന് തരത്തിൽപ്പെട്ടതാണ് ബിഗോണിയ. വേരിന്റെ അടിസ്ഥാനത്തിലാണ് ഈ തരംതിരിക്കൽ. നാരുപോലെ വേരുള്ളവ, ലൈസാം പോലെ വേരുള്ളവ, കിഴങ്ങുപോലെ വേരുള്ളവ. ബിഗോണിയ റെക്സ് എന്ന ഇനമാണ് അലങ്കാരച്ചെടിയായി പ്രധാനമായും ഉപയോഗിക്കുന്നത്. ഒലിവു കലർന്ന പച്ചനിറമാണ് ഇലകൾക്ക്. ഇളം പിങ്ക് നിറത്തിലുള്ള പൂക്കൾ ഇതിനുണ്ടാകും. വിഗറി പോലുള്ളവയാണ് ഇതിന്റെ ഇലകൾ. ഭാഗികമായ തണൽ ബിഗോണിയയുടെ വളർച്ചയ്ക്ക് ആവശ്യമാണ്.



### ഡ്രസീന

പ്രത്യേക രൂപഭംഗിയും നിറവും ചേർന്നതാണ് ഡ്രസീനയുടെ ഇലകൾ. സാവധാനം വളരുന്നവയാണ് ഈ ചെടികൾ. ഭാഗികമായ തണൽ ആവശ്യമുള്ള ഇവ മുറികൾക്കകത്ത് വളർത്തുന്നത് ഒരലങ്കാരമായിരിക്കും. സ്വർണ നിറത്തിലുള്ള ഇലകളുടെ അരികിൽ പച്ച നിറമുള്ള ഡ്രസീന ഫ്രേഗ്രൻസ് മസാർജിയാന ആകർഷകമായ ഒന്നാണ്. തിളക്കമുള്ള ചെറിയ പച്ച ഇലകളാണ് ഡ്രസീന ഗോഡ്സെഫിയാനയ്ക്കുള്ളത്.



### അസ്പരാഗസ്

പടർത്തി വളർത്താൻ അനുയോജ്യം. തൂക്കുചട്ടികളിൽ വളർത്താം. ഇതിന്റെ ഇലകൾ നീണ്ടുവളരുന്നവയാണ്. പല ഇനങ്ങൾ ഇതിനുണ്ട്. അരിവാളിന്റെ ആകൃതിയിലുള്ള ഇലകൾ പടർന്നുകയറി വളരുന്ന ഇനമാണ് അസ്പരാഗസ് ഫാൽക്കേറ്റസ്. സൂചിപോലെ നീണ്ട ഇലകളുള്ള അസ്പരാഗസ് ഡെൻസി ഫ്ളോറസ് ചെടിച്ചട്ടികളിൽ വളർത്താൻ അനുയോജ്യമാണ്. ദക്ഷിണാഫ്രിക്കയാണ് സ്വദേശം.



## ENGLISH FOR COMPETITIVE EXAMS



കെ. ചെല്ലയ്യൻ നാടാർ
എം.എ, എൽഎൽ.ബി
Phone : 9495831406

### The almighty preposition (6) 'to'

PUT IN SUITABLE PREPOSITIONS:

1. The bus is going ___ the airport.
2. ___ the end of her life, she was a tireless campaigner for peace.
3. I'll meet you at quarter ___ six
4. I gave the book ___ Rachel.
5. She is married ___ my cousin.
6. I put my ear ___ the door.
7. ___ my mind, their behaviour is unreasonable.
8. Our team won by five goals ___ three.
9. She lost her mother ___ cancer.
10. The statue serves as a monument ___ those who have served in the armed forces.
11. She is personal assistant ___ the Managing Director.
12. My new car does 30 km ___ the litre.
13. I like exercising ___ music.
14. Wait until the lights change ___ green.
15. I'd say he was 25 ___ 30 years old.

*എല്ലാ വാക്യങ്ങളിലും to എന്ന preposition ഉപയോഗിക്കാം...*

1. To- വിന് in the direction of /towards(__ ന്റെ; ദിശയിലേക്ക്/ നേർക്ക് ___ലേക്ക്) എന്ന അർത്ഥമുണ്ട്. 'Airport-ലേക്ക്' എന്ന അർത്ഥം കിട്ടാൻ to the airport എന്ന് പറയണം. ഒരു പ്രത്യേക കാര്യത്തിനായി അല്ലെങ്കിൽ ഏതെങ്കിലും ചടങ്ങിൽ സംബന്ധിക്കാനായി പോകുക എന്ന അർത്ഥത്തിലും to ഉപയോഗിക്കാം. I usually go 'to' bed at 11 pm / John hates going 'to' parties./She has invited me 'to' her wedding.
2. Until, as far as എന്ന അർത്ഥത്തിൽ. അതായത് __വരെ; അതുവരെ; ___യോളം എന്ന അർത്ഥത്തിൽ. To the end of her life = ജീവിതാവസാനം വരെ. The shop stays open from 7 am 'to' 9 pm. ഒരു പ്രത്യേക തീയതി, സംഭവം മുതലായവയ്ക്ക് ഇത്ര സമയമുണ്ട് എന്ന് കാണിക്കാൻ to ഉപയോഗിക്കാം. It is only three days 'to' Christmas / Only another 18 days to the final exam!
3. സമയം പറയുമ്പോൾ (telling the time) ഇത്രമണിക്ക് ഇത്ര മിനിട്ടുണ്ടെന്ന് പറയാൻ. അതായത് before the hours of എന്ന അർത്ഥത്തിൽ. പന്ത്രണ്ടിന് 25 മിനിട്ടുണ്ട്: It's twenty-five 'to' twelve- /I'll meet you at quarter to six എന്നാൽ 'ഞാൻ താങ്കളെ അഞ്ചേമുക്കാലിന് കാണും'. ഇവിടെ to വിന്റെ സ്ഥാനത്ത് past ഉം ചേർക്കാം. അർത്ഥം 6.15 ന് എന്നാണ് 'How long is it to lunch?' = എത്ര സമയം കഴിഞ്ഞാൽ ഉച്ചഭക്ഷണമാകും?
4. വ്യാകരണത്തിൽ indirect object -നെ സൂചിപ്പിക്കാൻ 'to' ഉപയോഗിക്കാം. ഉദ്ധരിച്ച വാക്യത്തിൽ to Rachel ആണ് indirect object. Indirect object ആദ്യം വന്നാൽ to വിട്ടുകളയാവുന്നതാണ്: I gave Rachel the book.
5. വ്യക്തികൾ, സംഗതികൾ, മുതലായവ തമ്മിലുള്ള ബന്ധം (relationship) കാണിക്കാൻ to ഉപയോഗിക്കുന്നു.--related to, married to: Maya has been a good friend 'to' my mother for many years./ He is related 'to' me.
6. എതിരായി/ അഭിമുഖമായി/ അടുത്ത് എന്ന അർത്ഥത്തിൽ to ഉപയോഗിക്കുന്നു: Henry was standing with his back 'to' me./ They were dancing cheek to cheek. Face 'to' face, back 'to' back എന്നിങ്ങനെയും പ്രയോഗിക്കാം.
7. അഭിപ്രായം / വീക്ഷണം എന്നിവ പ്രകടിപ്പിക്കാൻ to ഉപയോഗിക്കാം: To my mind എന്നാൽ എന്റെ അഭിപ്രായത്തിൽ. To most of us, work is an unpleasant necessity. To my way of thinking / To my knowledge.
8. കളികളിൽ score പറയാൻ to ഉപയോഗിക്കുന്നു. അതായത് as compared with എന്ന അർത്ഥത്തിൽ: They won by 6 goals 'to' 3. (=മൂന്നിനെതിരെ 6 ഗോളിനു....)
9. The thing that causes something to happen എന്ന അർത്ഥത്തിൽ: She lost her mother 'to' cancer എന്നാൽ Her mother died of cancer എന്നാണ്.
10. In honour of/ in commemoration of (ഓർമ്മയ്ക്കായി, ബഹുമാനാർത്ഥം) എന്ന അർത്ഥത്തിൽ: a memorial 'to' the victims of the disaster.
11. Working for or employed by (സേവനമനുഷ്ഠിക്കുക) എന്ന അർത്ഥത്തിൽ: He was an official interpreter 'to' the government of Nepal.
12. Per / for each അതായത് ഒരോന്നിനും/കൊണ്ട് എന്ന അർത്ഥത്തിൽ :...... engines that can run at 60 miles 'to' the gallon. ഇവിടെ to the gallon-ന്റെ അർത്ഥം 'ഒരു ഗാലൻകൊണ്ട്' എന്നാണ്. 12-ാമത്തെ വാക്യത്തിന്റെ അർത്ഥം 'എന്റെ പുതിയ കാർ ഒരു ലിറ്റർ ഇന്ധനം കൊണ്ട് 30 കി. മീ. ഓടും' എന്നാണ്. NB. do = travel. There are 2.54 centimetres 'to' an inch.
13. Accompanied by എന്ന അർത്ഥത്തിൽ. അതായത് സംഗീതത്തിന്റെ അല്ലെങ്കിൽ ശബ്ദത്തിന്റെ അകമ്പടിയോടെ She sang 'to' the guitar (ഗിത്താറിന്റെ നാദത്തിനൊപ്പിച്ച് അവൾ പാടി).
14. ഒരു പ്രത്യേക സ്ഥിതിയിലാകുക എന്ന അർത്ഥത്തിൽ: After two difficult years the company is now on the road 'to' recovery.
15. Approximately (ഏകദേശം/സുമാർ). He was 25 to 30 years old എന്നാൽ He was approximately 25 or 30 years old എന്നാണ്. ഇനി ഏതൊക്കെ verb-കൾക്കുശേഷമാണ് to ഉപയോഗിക്കുന്നതെന്നുനോക്കാം. amount to; appeal to; attached to; attribute to; attend to; belong to ; compare to; listen to; object to; occur to; react to; resort to; respond to; subject to; submit to; succumb to; surrender to; subscribe to; yield to; accustom to; ascribe to;

### The Present Perfect Tense:

Form I : have/has + past participle (eaten/worked)
I have eaten a banana.

Form II: have / has + had
I have had my lunch.

Form III: have / has + been
I have been to London three times.
I have eaten a banana. (positive)
I have not eaten a banana (negative)
NB. Negative ആക്കാൻ auxiliary ക്കു ശേഷം not ചേർക്കുന്നു.
Have I eaten a banana? (positive question)
NB. Auxiliary-യും subject-ഉം invert ചെയ്ത് ചോദ്യമുണ്ടാക്കുന്നു.
Have I not eaten a banana? OR
Haven't I eaten a banana ? (negative question)

*Correct the following sentences, if necessary:*

1. Some of the luggage have not yet arrived.
2. How many times have Brazil won the World Cup?
3. I have arrived yesterday.
4. When have they arrived ?
5. Where have you been last night ?
6. How long are you married ?
7. I love the film 'Pulimurukan'. I think it's the fourth time I'm seeing it.
8. I have seen that film last week.

### ശരിയുത്തരങ്ങളും വിശദീകരണവും

എല്ലാ വാക്യങ്ങളും തെറ്റാണ്.

1. Has, have -ഇവ തമ്മിലുള്ള വ്യത്യാസം മനസിലാക്കണം. Subject, 3rd person singular ആണെങ്കിൽ has ഉപയോഗിക്കണം: he has, she has, it has, the boy has, India has എന്നിങ്ങനെ. 1-ാമത്തെ വാക്യത്തിലെ subject, (some of the) luggage ആണ്. Luggage ഒരു 'class noun' ആണ്. Uncountable-ഉം 3rd person singular-ഉം ആണ്. അതുകൊണ്ട് 'has' ഉപയോഗിക്കണം: Some of the luggage 'has'....
2. 2-ാമത്തെ വാക്യത്തിലെ subject, Brazil ആണ്. അതുകൊണ്ട് verb 'has'.
3. Do not use the present perfect (have arrived / have done/ have been etc) with a finished time. അതായത് yesterday, last week, at 3 o'clock, in 1991, six months ago മുതലായ time expressions വരുന്ന വാക്യങ്ങളിൽ present perfect ഉപയോഗിക്കരുത് പകരം past simple ഉപയോഗിക്കണം: I arrived yesterday.
4. When.....? What time.....? ഇവ വരുന്ന വാക്യങ്ങൾ present perfect- ൽ ഉപയോഗിക്കരുത്; past simple ഉപയോഗിക്കണം; When did they arrive?
5. Last night വന്നിരിക്കുന്നു. Where were you last night? ശരി. മൂന്നാമത്തെ വാക്യത്തിന്റെ വിശദീകരണം.
6. How long വരുന്ന വാക്യം കാലയളവിനെ സൂചിപ്പിച്ചാൽ perfect tense-ൽ ആയിരിക്കണം: How long have you been married?
7. This/ it/ that is/ was the first/second/third/only/ best/worst മുതലായവ വരുന്ന വാക്യങ്ങൾ perfect tense-ൽ ആയിരിക്കണം: This is the first time that I have been here (I am here അല്ല) It was one of the worst meals I have ever eaten. 7-ാമത്തെ വാക്യത്തെ..... I think it is the fourth time I have seen it എന്ന് തിരുത്തണം.
8. I saw that film last week ശരി. I have seen that film-ഉം ശരിതന്നെ. പക്ഷേ, പ്രതീക്ഷിക്കുന്നത് ഈ ഉത്തരം അല്ല. 3-ാമത്തെ വാക്യത്തിന്റെ വിശദീകരണം.

(തുടരും.....)

ചോദ്യങ്ങളും കത്തുകളും അയയ്ക്കേണ്ട വിലാസം:

ദി എഡിറ്റർ,
പാഠശേഖരം,
കേരളകൗമുദി,
പേട്ട, തിരുവനന്തപുരം - 24.